## ഇടതുപക്ഷംതന്നെ വികസനത്തിന്റെയും പാരിസ്ഥിതിക സംതുലനത്തിന്റെയും മേഖലയിൽ
# മുന്നോട്ടു പോകേണ്ടതുണ്ട്, ഭാവി ഉന്മുഖമാകേണ്ടതുണ്ട്

**കെ. ചന്ദ്രൻപിള്ള**

(എം.പി., സി.പി.ഐ.(എം.) ട്രേഡ് യൂണിയൻ നേതാവ്)

കേരളീയത്തിന്റെ ഈ ഉദ്യമത്തെ - വികസന ലക്ഷ്യങ്ങളും പരിസ്ഥിതി പ്രശ്നങ്ങളും തമ്മിലുള്ള ബന്ധത്തെ വിലയിരുത്താനുള്ള ഉദ്യമത്തെ - ശ്ലാഘിക്കുന്നു. ഒരുപാട് തെറ്റിദ്ധാരണകൾ നിലനിൽക്കുന്ന ഈ മേഖലയിൽ ഒരു ദീർഘ വീക്ഷണത്തോടും അതോടൊപ്പം ശാസ്ത്രീയമായും ഒരു സമീപനം സ്വീകരിക്കാൻ ബന്ധപ്പെട്ടവർക്കെല്ലാം സാദ്ധ്യമാക്കുന്ന വിധമുള്ള ഒരു വിദ്യാഭ്യാസം ആവശ്യമാകുന്ന ഒരുകാലഘട്ടമാണിത്. ഉന്നയിക്കപ്പെട്ടിട്ടുള്ള ചോദ്യങ്ങളിൽ ഒന്നാമത്തേത് പ്ലാച്ചിമട ഉയർത്തിവിട്ടിട്ടുള്ള പ്രശ്നങ്ങളുടെ പശ്ചാത്തലത്തിൽ നിന്നുള്ളതാണ്. നമ്മളിവിടെ കൊക്കകോളയാണോ പെപ്സിയാണോ കമ്പനിവിശദേശിയാണോ നാടനാണോ എന്ന പ്രശ്നത്തെ രണ്ടാം പ്രാധാന്യത്തിൽ കാണുകയും ഏതാണ് സംരഭകൻ എന്നു നോക്കാതെ ആ പദ്ധതി നടപ്പാക്കുന്നതിനെ തുടർന്നുണ്ടാകുന്ന പ്രത്യാഘാതങ്ങൾ - അതിൽ പ്രധാനമായും പ്രകൃതിവിഭവങ്ങളുടെ വിനിയോഗത്തിന്റെ കാര്യത്തിൽ കരുതലില്ലാതെയും വളരെയേറെ ദോഷങ്ങൾ ഭാവിയിലുണ്ടാകുന്നവിധം വന്നുഭവിച്ചുകൂടാതെ നിലയ്ക്കതിനെ കാണണം. ഐക്യരാഷ്ട്രസഭ സമീപകാലത്ത് ആഗോളവൽക്കരണ നയങ്ങളുടെ നടപ്പാക്കലിനെ തുടർന്നുണ്ടായ പരിതസ്ഥിതികളെപ്പറ്റി ഒരു നിരീക്ഷണം നടത്തുകയുണ്ടായിട്ടുണ്ട്. ഇപ്പോൾ നടക്കുന്ന ആഗോളവൽക്കരണ പ്രക്രിയ ഒരുഭാവിരഹിതമായ വളർച്ചയെയാണ് മുന്നോട്ടുവയ്ക്കുന്നതെന്ന് വ്യക്തമാക്കുന്നു. ഈ ആശയം മനുഷ്യരാശിയെയാണു ഇരുത്തിചിന്തിപ്പിക്കേണ്ട ഒന്നാണ്. ആ അർത്ഥത്തിൽ പ്രകൃതിവിഭവങ്ങളാണെങ്കിലും ഭൂഗർഭസമ്പത്തുകളാണെങ്കിലും അതിനുബാധകമാണ്. അത്തരത്തിൽ നമുക്കുണ്ടായ ഒരനുഭവം ഒരുപ്രദേശത്തെ ജനങ്ങളുടെയാകെ ജലസമ്പത്ത് വലിയ തോതിൽ ഉപയോഗപ്പെടുത്തിക്കൊണ്ട് അതിൽനിന്നുകൊള്ളലാഭമടിക്കുന്ന സമീപനമാണ് കാണുന്നത്. ഏതു ന്യായത്തിന്റേ വ്യാകരണത്തിന്റേയും പേരിൽ ആരുവാദിച്ചാലും അതിൽ ഒരുകാര്യവുമില്ല. ഇന്നുകാണുന്ന അവ്യക്തമായ നിലപാടുകളെ കൂടി ഏകീകരിക്കേണ്ടതുമാണ്. ഇവിടെ ഉയർന്നുവരുന്ന ഒരുപ്രശ്നം, നമ്മുടെ ഹവർ ക്രമത്തിൽ - അത് പ്രാദേശിക ഗവർമെന്റുകളെ സംബന്ധിച്ച് ഞാൻ പറയുകയാണെങ്കിൽ അവയെ കുറച്ചുകൂടി അധികാരമുള്ളവായക്കി ഉയർത്തുക എന്നത് പ്രധാനമായിരിക്കുന്നു. എന്നാൽ നമ്മുടെ ഗവൺമെന്റുകളെ നയിക്കുന്ന രാഷ്ട്രീയ നേതൃത്വങ്ങളുടെ കുറ്റകരമായ നിലപാടുകളാണ് ആദ്യം ചോദ്യം ചെയ്യപ്പെടേണ്ടതെന്നാണ് എന്റെ അഭിപ്രായം. യഥാർത്ഥത്തിലിപ്പോൾ രാഷ്ട്രീയ നേതൃത്വവും സാമൂഹ്യമായ വികസനത്തിന്റേയും അതുപോലതന്നെ ലക്ഷ്യങ്ങളുടേയും കാര്യത്തിൽ രണ്ടാം നിരക്കാരായിമാറുകയും ഉദ്യോഗസ്ഥതലം കാര്യങ്ങൾ നിർണയിക്കുന്നതിലേക്കു വഷളാവുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. ഇതൊരു ഡെമോക്രസിക്കകത്ത് അംഗീകരിക്കപ്പെട്ടിട്ടുള്ളതോ അനുവദിക്കപ്പെട്ടിട്ടുള്ളതോ അല്ല. അതുകൊണ്ട് രാഷ്ട്രീയ നേതൃത്വം അതിന്റെ ഇച്ഛാശക്തി മുകളിൽ ഉയർത്തിപ്പിടിക്കുകയും അത് സമൂഹത്തിന് പ്രയോജനകരമാണെന്നുള്ളത് ഉറപ്പുവരുത്തുകയും ചെയ്യാൻ ബാദ്ധ്യസ്ഥത കാണിക്കണം. ആ കാര്യത്തിൽ എന്റെ അഭിപ്രായം, ബൂർഷ്വാ പാർട്ടികൾ പൊതുവേ ദേശീയമാണെങ്കിലും പ്രാദേശികമാണെങ്കിലും വലിയതോതിലീ ആഗോളവൽക്കരണ സാമ്പത്തിക നയങ്ങൾക്ക് അടിമപ്പെട്ടതിനെത്തുടർന്ന് കണ്ണും മൂക്കുമില്ലാത്ത നിലപാടുകൾ സ്വീകരിക്കുന്നതിലേക്കാണ് വരിക. അതു തടയാൻ ജനകീയ പ്രതിരോധത്തിനു മാത്രമേ കഴിയൂ. ഞാനീ കാര്യത്തിൽ ഇടതുപക്ഷപാർട്ടികളുടെ നിലപാടിനെ പൊതുവായി ഉയർത്തിപ്പിടിപ്പിക്കുന്ന ഒരാളാണ്, ഇടതുപക്ഷം തന്നെ വികസനത്തിന്റേയും പാരിസ്ഥിതിക സന്തുലനത്തിന്റേയും മേഖലയിൽ ഇന്നത്തതിനേക്കാളേറെ ഉയർന്നു ചിന്തിക്കുകയും ഇന്നത്തതിനേക്കാൾ വളരെ മുൻപോട്ടുപോവുകയും വേണം എന്ന അഭിപ്രായം എനിക്കുണ്ട്. പ്രകൃതിവിഭവങ്ങളെ ഉപയോഗപ്പെടുത്തുന്നതിനകത്ത് മറ്റുചില മേഖലകളുമിപ്പോൾ വലിയ വിവാദവിഷയങ്ങളായിട്ടുണ്ട്. കടൽ മണൽ, കരിമണൽ, മണ്ണ്, വനസമ്പത്ത്, വായു ഇതെല്ലാം ഇതിലിപ്പോ പെട്ടിട്ടുണ്ട്. ഇതെല്ലാം സംബന്ധിച്ച് നമ്മുടെ വിഭവങ്ങളുടെ ഒരു ശരിയായ സ്റ്റോക്ക് എക്കൗണ്ട് ഒരു നീണ്ടു നിലനിർക്കുന്ന - ഇപ്പോൾ ഉപയോഗിക്കുന്ന വാക്ക് സസ്റ്റെയ്നബിൾ, അതിനേക്കാളുപരി അത് ഭാവി ഉന്മുഖമാകേണ്ടതുണ്ട്. വരുതലമുറകളെ കൊണ്ടല്ലാതെ ഇന്നത്തെ തലമുറയ്ക്ക് പ്രകൃതിവിഭവങ്ങൾ എടുത്ത് ഉപയോഗിക്കാൻ അവകാശമില്ല. ആ ഒരു വസ്തുത വച്ചുകൊണ്ടേ കഴിയൂ. എന്നാൽ ഇതിന്റെ പേരിൽ ചിലപ്പോൾ പ്രത്യേകിച്ചും വലിയ തോതിൽ നിക്ഷേപം ആവശ്യമുള്ള ഒരു സംസ്ഥാനമെന്ന നിലയ്ക്ക് കേരളത്തിൽ പലനിക്ഷേപങ്ങളും നിരുത്സാഹപ്പെടുന്നതിന് ഈ പാരിസ്ഥിതിക അവബോധം തന്നെ മൗലികവാദത്തിലേക്കു വളരുന്ന ചില ദോഷങ്ങളും സംഭവിക്കുന്നുണ്ട്. അതും തീർച്ചയായും നമുക്ക് ഒഴിവാക്കാൻ കഴിയണം, ഒഴിവാക്കുക എന്നത് ഒരു ബലപ്രയോഗത്തിന്റേതല്ല ഒരു തരത്തിൽ കാര്യങ്ങൾ കൂടുതൽ കൂടുതൽ ശാസ്ത്രീയമായി മനസ്സിലാക്കുന്നതിന്റെ അടിസ്ഥാലത്തിലാണതു ചെയ്യേണ്ടത്. ഇതു കരിമണലിന്റെയടക്കം കാര്യത്തിൽ പ്രസക്തമാണ്. കരിമണൽ ഖനനം വേണ്ട എന്ന ഒരു അന്ധമായ നിലപാട് ആരു പ്രഖ്യാപിച്ചാലും അതു തെറ്റാണ്. തന്നെയല്ല കേരളത്തിൽ ഇന്ന് പ്രവർത്തിക്കുന്ന മെച്ചപ്പെട്ട ചില വ്യവസായങ്ങൾ അടച്ചുപൂട്ടുന്നതിന് അത് പ്രത്യക്ഷത്തിലിടയാക്കുകയും ചെയ്യും.

ഈ പ്രക്രിയയിൽ വിദഗ്ദ്ധന്മാരുടെ സേവനം വളരെ പ്രധാനമാണ്. വികാരപരമായി നമുക്ക് ഇതിനെ കൈകാര്യം ചെയ്യാനാവില്ല. വിദഗ്ദ്ധന്മാരുടെ സേവനത്തെ ഉപയോഗപ്പെടുത്തുമ്പോൾ ഈ ഓരോ പ്രത്യേക പദ്ധതികളുടേയും ഫലമായുണ്ടാകുന്ന പാരിസ്ഥിതിക പ്രത്യാഘാതങ്ങളെക്കുറിച്ചുള്ള ശാസ്ത്രീയമായ വിവരമാണ് സാങ്കേതികനെ ഉപയോഗിപ്പെടുത്താനുള്ള ഒരു മനോഭാവം നമ്മൾ നല്ലതുപോലെ കാണിക്കുകയും വേണം. അതിനേതെങ്കിലും തരത്തിലുള്ള പുതിയ സംവിധാനങ്ങൾ വേണമെങ്കിൽ അത് ഉണ്ടാക്കാവുന്നതേയുള്ളൂ. പക്ഷേ രാഷ്ട്രീയ നേതൃത്വത്തിന്റെ ഈ മൗലികമായ ഉത്തവാദിത്തം അവർ കൈയ്യൊഴിഞ്ഞു കൊണ്ടുള്ള എന്തെങ്കിലും സംവിധാനമാകുന്നത് തെറ്റായിരിക്കും.

ജിം പരാജയപ്പെട്ടെന്നുള്ളത് ഇപ്പോൾ പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ജിം പരാജയപ്പെട്ടതിന്റെ പുറകിലുള്ളത് കേരളത്തിലെ പശ്ചാത്തല സൗകര്യങ്ങളുടെ ഒരുപാടൊരുപാട് ന്യൂനതകൾ കൊണ്ടാണെന്നുള്ളത് നമ്മളംഗീകരിക്കണം. കേരളത്തിലിപ്പോൾ വ്യവസായങ്ങൾ ഇല്ലാതാവുകയോ

ഉള്ളത് സ്വയമേവ നിർത്തിപ്പോവുകയോ ചെയ്യുന്നതിലെത്തുന്നതിന്റെ ഒരു ഘടകം വൈദ്യുതിയുടെ പ്രശ്നമാണ്. വൈദ്യുതിയുടെ കാര്യത്തിൽ നമ്മൾ ജലവിഭവങ്ങൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിൽ ചില വീഴ്ചകൾ വരുത്തുകയും അധികച്ചെലവു വരുന്ന സ്രോതസ്സുകളിലേക്കു മാറ്റുകയും ചെയ്തുത് ഒരു ഗൗരവമുള്ള പോരായ്മയായിട്ട് ഇപ്പോഴും തുടരുകയാണ്. അതുകൊണ്ട് ഇൻവെസ്റ്റ്മെന്റ് പുതിയ നിക്ഷേപം വരണമെങ്കിൽ ഗുണമേന്മയുള്ള വൈദ്യുതിയുടെ ലഭ്യത ഉണ്ടാവുകയും വിലകുറവുള്ളതുമായി കിട്ടേണ്ടതുണ്ട്. ഇപ്പോൾ ഗവൺമെന്റിന്റെ ഇൻവെസ്റ്റ്മെന്റിന് ഒരു പ്രാധാന്യവും കൊടുക്കാതെ അതുമുഴുവൻ കൈയ്യൊഴിഞ്ഞു കൊണ്ട് സ്വകാര്യമേഖലയിലേക്കുള്ളവരെ ക്ഷണിക്കുന്ന പ്രക്രിയയാണീ ജിമ്മിൽ കണ്ടത്. അതിനകത്ത് മൗലികമായ ഒരു തകരാറുണ്ട്. തകരാറെന്താണെന്നു വച്ചാൽ, ഗവൺമെന്റിന്റെ ഉത്തരവാദിത്തത്തിൽ നടക്കേണ്ട വികസനത്തിനു പകരമില്ലെന്നുള്ളതാണ്, ആദ്യത്തെ കാര്യം. അതിന് വിഭവങ്ങളില്ലെന്നുള്ള വാദം ഒരു തെറ്റായ വാദമാണ്. വിഭവസമാഹരണത്തിനുള്ള രാഷ്ട്രീയ ഇച്ഛാശക്തി ഉപേക്ഷിക്കുന്നില്ലായെങ്കിൽ അത് സാധിക്കുമെന്നുള്ളതിനുള്ള ഏറ്റവും ഉജ്ജ്വലമായ ഉദാഹരണം സമകാലലോകത്ത് ചൈനയാണ്. ഷാൻഹായ്, ആണെങ്കിലും ബീജിംഗ് ആണെങ്കിലും വൻതോതിൽ വിഭവസമാഹരം നടത്തി അവർ അത് മുഴുവൻ പ്രയോജനപ്പെടുത്തിയത് കോടാനുകോടി തൊഴിൽ ജനങ്ങളുണ്ടാക്കികൊണ്ടുള്ള പശ്ചാത്തലവികസനത്തിലായിരുന്നു. അതുകൊണ്ട് ഇന്ന് ലോകത്തിലെ ഏറ്റവും ഉയർന്ന നിലവാരമുള്ള പശ്ചാത്തല സൗകര്യങ്ങളുടെ ലഭ്യത ചൈനയിലാണെന്നു വരുമ്പോൾ ബഹുരാഷ്ട്ര കുത്തകകൾ ദീർഘദശകൾ ഉപേക്ഷിച്ചിരുന്ന ചൈനയിലേക്ക് വലിയ തോതിൽ ഓടിച്ചെല്ലുന്ന സ്ഥിതിയാണ് കാണുന്നത്. അപ്പോൾ നമ്മുടെ സംസ്ഥാനത്തിന്റെ വികസന സംബന്ധമായ പശ്ചാത്തല സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നത് ഒഴിവാക്കികൊണ്ടാണ് നിങ്ങൾ ആരെയെങ്കിലും ക്ഷണിക്കുന്നതെങ്കിൽ വന്നുപോയെന്നിരിക്കും പക്ഷേ വ്യവസായം വരില്ല. അതിപ്പോൾ നമ്മുടെ അനുഭവമായി. ഒരുപക്ഷെ ക്ഷണിച്ചില്ലെങ്കിലും ലാഭമുണ്ടാക്കാൻ കഴിയുന്നിടത്ത് വ്യവസായികൾപോലും അത് മൂലധനത്തിന്റെ ഒരു മൗലിക സ്വഭാവമാണ്.

ഞാനാദ്യം പറഞ്ഞു പഞ്ചായത്തുകൾക്ക് അല്ലെങ്കിൽ അതുപോലെയുള്ള സംസ്ഥാനത്തിൻ താഴെയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇന്നത്തേതിനേക്കാൾ അധികം അധികാരം കൊടുക്കേണ്ടതുണ്ട്. അങ്ങനെകൊടുക്കുമ്പോൾ ഇപ്പോഴുള്ള അധികാരംവെച്ചു തന്നെ അവരെടുക്കുന്ന ചില നടപടികൾ സംസ്ഥാന ഗവൺമെന്റ് കേറി തടയാൻ ശ്രമിക്കുമ്പോൾ അതിനകത്തൊരു പ്രതിസന്ധിയാണ് രൂപപ്പെടുത്തുന്നത്. ആ പ്രതിസന്ധിരൂപപ്പെടുന്നതിന്റെ യഥാർത്ഥ കാരണം ആ പ്രത്യേക പ്രശ്നത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ ചിന്തയും രണ്ടായും പഞ്ചായത്ത് സമിതിയുടെ ചിന്തയും രണ്ടായിപ്പോകുന്നതുകൊണ്ടാണ്. യഥാർത്ഥത്തിൽ സമൂഹത്തിന്റെ പൊതുതാല്പര്യത്തിന് ഒരു വിഭവത്തിന്റെ മെറിറ്റിലേക്കു മാറാൻ തയ്യാറാകണം. അതിനാവശ്യമായ ഒരു പഠനവും, ഒരു പൊതുധാരണയും പൊതുവിലുണ്ടാകണം. അതെല്ലാം കൈകാര്യം ചെയ്യാനുള്ള പക്വത പഞ്ചായത്ത് സമിതികൾ കൂടുതൽ ആർജീവിച്ചുവരുന്നതായാണ് കാണുന്നത്.

തീർച്ചയായിട്ടും ഉണ്ടാവണം. വിരുദ്ധ ചേരികളിൽ നിന്നുകൊണ്ട് വികസനത്തിനു വേണ്ടിയും പരിസ്ഥിതിക്കുവേണ്ടിയും എന്നുള്ളനിലയ്ക്ക് ഈ വാദങ്ങൾ മുന്നോട്ടുപോവുന്നത് സമൂഹത്തിന്റെ പുരോഗതിയെ വലിയ തോതിൽ കുഴപ്പത്തിലാക്കും എന്നുപറഞ്ഞാൽ, പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് തടസ്സം നിൽക്കും. പിന്നോക്കാവസ്ഥ തുടരുക എന്നുവച്ചാൽ മഹാഭൂരിപക്ഷം വരുന്ന ജനങ്ങളുടെ ജീവിത നിലവാരത്തിൽ മാറ്റംവരുത്താനുള്ള അവസരങ്ങൾ താമസിച്ചു താമസിച്ചുപോവുന്നുവെന്നാണ്.


## കേരളീയം പുസ്തകശാല



### പ്രതിസംസ്കൃതി

ത്രൈമാസിക
ബിഷപ്പ് മാർ പൗലോസ് ഫൗണ്ടേഷൻ ഫോർ സോഷ്യോ കൾച്ചറൽ ഡെവലപ്മെന്റ്, തൃശൂർ-8 എഡിറ്റർ : ഇ. ടി.വർഗ്ഗീസ്, പേജ് 84, ഡമ്മി 1/8, വില 25 രൂപ,
2004 മാർച്ച്-ജൂൺ ലക്കം
**കേരളത്തിലെ ജനകീയ സമരങ്ങൾ-അധിനിവേശവും പ്രതിരോധവും**

### കലഹിക്കുന്ന ചരിത്രം



മലയരയരുടെ മത പരിവർത്തനം ഒരു പുനരന്വേഷണം
(പഠനം)
ജോസ് പീറ്റർ
പേജ് 114, വില 50 രൂപ, ക്രൈസ്തവ സാഹിത്യസമിതി, തിരുവല്ല

### ഇവളെ വായിക്കുമ്പോൾ

ശ്രീ. അരവിന്ദോ- സാവിത്രി



ഒരനുഭവകാവ്യം
സച്ചിദാനന്ദൻ പുഴങ്കര
പേജ് 150, വില 80 രൂപ
നാദം ബുക്സ്, ചാലക്കുടി

### നാടൻപാട്ടുകളുടെ വരവ്



അവതരണം : ഗോത്ര സാംസ്കാരിക ഗവേഷണകേന്ദ്രം, പാളയംപറമ്പ് പി.ഒ.
സി.ഡി., വില 75 രൂപ

വില മുൻകൂർ അയച്ചാൽ തപാൽ ചെലവ് സൗജന്യം.
വി.പി.പി സൗകര്യം ഉണ്ടായിരിക്കുന്നതാണ്.
M.O./D.D. അയക്കേണ്ട വിലാസം:
**കേരളീയം**
കൊക്കാലെ, തൃശൂർ-21
ഫോൺ: 0487-2421385



## മിഥ്യകൾക്കപ്പുറം



സ്വവർഗ്ഗ ലൈംഗികത കേരളത്തിൽ
(ലേഖനങ്ങൾ)
എഡിറ്റർ: രേഷ്മ ഭരദ്വാജ്, പേജ് 226, വില 90 രൂപ,
ഡി.സി. ബുക്സ്, കോട്ടയം



## കുടുംബം, ലൈംഗികത പ്രത്യേക പതിപ്പ്

ലൈംഗികത, ദാമ്പത്യം, കുടുംബബന്ധങ്ങൾ, വിവാഹം, സാധ്യതകൾ, പ്രശ്നങ്ങൾ, അനുഭവങ്ങൾ, കാമനകൾ, ആനന്ദങ്ങൾ..... പഠനം, നിരീക്ഷണം, വിശകലനം..

*കുറിപ്പുകൾ പ്രതീക്ഷിക്കുന്നു:*
ഗസ്റ്റ് എഡിറ്റർ: ഡോ. എ.കെ. ജയശ്രീ
c/o. കേരളീയം, തൃശൂർ-21.
ഫോൺ : 0471-3255422